## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2469 09/07/2015-ലെ മറുപടിക്ക്

### ഹയർ സെക്കന്ററി സ്കൂളുകളിലെ അധിക ബാച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.എ.ബേബി | | ശ്രീ.പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഹയർ സെക്കന്ററി പ്രവേശനത്തിന് 14 സ്കൂളുകളിൽ അധികമായി അനുവദിച്ച ബാച്ച് കൂടി പരിഗണിക്കാൻ കേരള ഹൈക്കോടതിയിൽ നിന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ; ഇത് സർക്കാരിന്റെ സമ്മതത്തോടു കൂടിയാണോ ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്തായിരുന്നു ; | (എ) | ഹയർ സെക്കന്ററി പ്രവേശനത്തിന് 14 സ്കൂളുകളിൽ അധികമായി അനുവദിച്ച ബാച്ച് കൂടി പരിഗണിക്കാൻ കേരള ഹൈക്കോടതിയിൽ നിന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളുകൾക്ക് ഹയർ സെക്കന്ററി അധിക ബാച്ചിന് അർഹതയുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടായിരുന്നുവോ ; ഇക്കാര്യത്തിലുള്ള കോടതി നിർദ്ദേശം എന്തായിരുന്നു ; ആയത് ഉറപ്പ് വരുത്താൻ തയ്യാറാകാതെ പരിശോധനയ്ക്ക് രണ്ട് മാസം കൂടി നീട്ടികിട്ടാൻ അപേക്ഷ കൊടുക്കാൻ ഏത് തലത്തിലായിരുന്നു തീരുമാനം എടുത്തിരുന്നത് ; | (ബി) | ഉണ്ട്. കോടതി വിധിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. സമയപരിധി ദീർഘിപ്പിച്ച് കിട്ടുവാനായി കോടതിയിൽ അപേക്ഷ കൊടുക്കുവാൻ തീരുമാനിച്ചത് സർക്കാർ തലത്തിലാണ്. |
| (സി) | രണ്ട് മാസത്തെ സമയത്തിനകം ഒരു സ്കൂളിനെ പോലും കേൾക്കാൻ തയ്യാറാകാതിരുന്നത് ആരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായിരുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ ; | (സി) | ഇക്കാര്യത്തിൽ ആരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

| | | | |
|---|---|---|---|
| (ഡി) | മാനേജ്മെന്റുകളും സർക്കാർ അധികൃതരും ഒത്തുകളിച്ച് കോടതിയിൽ മാനേജ്മെന്റുകൾക്ക് തോറ്റുകൊടുക്കുകയായിരുന്നു എന്ന ആക്ഷേപം പരിശോധിക്കുമോ ; ആക്ഷേപിക്കപ്പെട്ട നിലയിലുള്ള ഒത്തുകളികൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | മാനേജ്മെന്റുകളും സർക്കാർ അധികൃതരും ഒത്തുകളിച്ച് കോടതിയിൽ മാനേജ്മെന്റുകൾക്ക് തോറ്റു കൊടുത്തുവെന്ന ആക്ഷേപം ശരിയല്ല. സർക്കാർ ടി കോടതി വിധിക്കെതിരെ അപ്പീലുകൾ ഇതിനകം തന്നെ ഫയൽ ചെയ്തിട്ടുണ്ട്. |

Udayakumar

സെക്ഷൻ ഓഫീസർ